"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് temporary Advance ആയി 100 ലക്ഷം രൂപ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ നിന്നും അനുവദിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

G.O.(Rt)No.319/2024/ID തീയതി,തിരുവനന്തപുരം, 06-05-2024

---

പരാമർശം:- 1. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 22.04.2024 തീയതിയിലെ KSBC/MD/Letter/2024-25/2656 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അടിയന്തരമായി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ നിന്നും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് 100 ലക്ഷം രൂപയുടെ പലിശ രഹിത വായ്പ അനുവദിക്കണമെന്ന് പരാമർശം പ്രകാരം മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ നിലവിൽ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മൂലം പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ വരുമാനത്തെ സാരമായി ബാധിക്കുമെന്നതിനാൽ ടി പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലവസരം നൽകികൊണ്ട് യഥാസമയം വേതനം നൽകുന്നതിന് ബാംബൂ കോർപ്പറേഷൻ നേരിടുന്ന നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള അടിയന്തിര ഇടപെടൽ ആവശ്യമാണ്. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റചട്ടങ്ങൾ നിലവിലുള്ളതിനാൽ 2024-25 വർഷത്തെ ബഡ്ജറ്റിൽ ബാംബൂ കോർപ്പറേഷന് നീക്കിവച്ചിട്ടുള്ള പ്രവർത്തന മൂലധനം അനുവദിച്ചു നൽകുന്നതിന് കാലതാമസം നേരിടുമെന്ന കാര്യം പരിഗണിച്ചുകൊണ്ട്, ഡയറക്ടർ ബോർഡിന്റെ അനുമതിക്ക് വിധേയമായി M/s KMML-ൽ നിന്നും 6 മാസ കാലാവധിയുള്ള temporary Advance ആയി ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിനു ഒരു കോടി രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരം അഡ്വാൻസ് ആയി അനുവദിക്കുന്ന തുക പ്രവർത്തന മൂലധനം ലഭിക്കുമ്പോൾ തിരികെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMAN BILLA
PRINCIPAL SECRETARY

മാനേജിംഗ് ഡയറക്ടർ, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് , കൊല്ലം

സെക്രട്ടറി, റിയാബ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, എറണാകുളം
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കെ-ബീപ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എഇ / ആഡിറ്റ്), തിരുവനന്തപുരം
ഐ&പി.ആർ.ഡി (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ (കെ1/100/2023-വ്യവ)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 08-05-2024 12:31:25
സെക്ഷൻ ഓഫീസർ